സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇതു നടപ്പിൽ വരുത്തുന്നതാണ്. മറ്റു വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാർക്കുകൂടി പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ അനുഭാവപൂർവ്വം പരിശോധിച്ചുവരികയാണ്. ഇപ്പോഴത്തെ ഭേദഗതിക്ക് പെൻഷൻ ബോർഡ് ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. മിനിമം പെൻഷൻ, ഫാമിലി പെൻഷൻ, പെൻഷൻ കമ്മ്യൂട്ടേഷൻ, സേവനകാലം ഇവയിലെ മാറ്റങ്ങളുൾപ്പെടെയുള്ള ഈ നിർദ്ദേശങ്ങളുടെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. വിശദമായ പരിശോധനയ്ക്കുശേഷം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യും. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ പെൻഷൻ പദ്ധതിയിൽ വരുന്ന സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കായി ഒരു പ്രത്യേക പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കാൻ നിയോഗിക്കപ്പെട്ട രണ്ടു കമ്മിഷനുകളുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു കരട് പെൻഷൻ പദ്ധതിക്ക് ബോർഡ് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. നാളിതുവരെയുള്ള മാനേജ്മെന്റ് വിഹിതം ഈ പദ്ധതിയിലേയ്ക്ക് മാറ്റിത്തന്നുകൊണ്ട് ഈ പദ്ധതി പി.എഫ്. കമ്മീഷണർ അംഗീകരിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ഇന്ന് എത്ര സബ്മിഷനുണ്ടെന്ന് എനിക്കുപോലും അറിയില്ല. അത്രമാത്രമുണ്ട്. അതുകൊണ്ട് ഒരു വാക്കിൽ കാര്യങ്ങൾ പറയുക. ഒരു വാക്കിൽ പറയാമെങ്കിൽ നമുക്കു കാര്യങ്ങൾ നടത്താം.

(3) പൂട്ടിക്കിടക്കുന്ന കേരളാ പ്രിമോപൈപ്പ് ഫാക്ടറിയുടെ സ്ഥലവും കെട്ടിടവും വിദ്യുച്ഛക്തി ബോർഡ് ഏറ്റെടുക്കണമെന്ന ആവശ്യം

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, 1981 അവസാനത്തിൽ ആരംഭിച്ചതാണ് കോഴിക്കോട്ടുള്ള പ്രിമോ പൈപ്പു ഫാക്ടറിയുടെ രണ്ടാമത്തെ യൂണിറ്റ്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഈ യൂണിറ്റ് കഴിഞ്ഞ കുറച്ചു കാലങ്ങളായി ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചു. ഇപ്പോൾ ആ കെട്ടിടവും സ്ഥലവും വെറുതെ കിടക്കുകയാണ്. ചിലപ്പോൾ നാളെ കയ്യേറ്റമടക്കമുള്ള കാര്യങ്ങളുണ്ടാകും. ഇതിനൊരു പരിഹാരമാർഗ്ഗം വേണം. മാത്രമല്ല, കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഇന്നാവശ്യമായ സിമന്റുപോസ്റ്റുകൾ ഇല്ലാത്തതുകൊണ്ട് പല സ്ഥലത്തും പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് വരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തും ഇതിനുവേണ്ടി പ്രത്യേക പ്ലാൻ ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. അതുകൊണ്ട് പോസ്റ്റിന്റെ ലഭ്യത ആവശ്യമായി വന്നിരിക്കുന്നു. രണ്ടു ഡിപ്പാർട്ടുമെന്റുകൾ യോജിച്ച് ഇതെടുക്കുകയാണെങ്കിൽ പുതിയ സിമന്റ് പോസ്റ്റ് ഉണ്ടാക്കാനുള്ള ഒരു യൂണിറ്റായി മാറ്റാൻ കഴിയും. ഗവൺമെന്റ് കൈവശമുള്ള സ്ഥലം അന്യാധീനപ്പെട്ടുപോകുന്ന സ്ഥിതി ഉണ്ടാകരുത്. അതുകൊണ്ട് വൈദ്യുതിബോർഡ് ഈ കാര്യത്തിൽ മുൻകൈയെടുത്ത് ഇറിഗേഷൻ വകുപ്പുമായി ആലോചിച്ച് ഒരു തീരുമാനമെടുക്കണം, അതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കോഴിക്കോട് സർക്കിളിലേയ്ക്കാവശ്യമായ സിമന്റ് പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ഇപ്പോൾ ചില സംവിധാനങ്ങൾ അവിടെ നിലവിലുണ്ട്. പക്ഷേ പട്ടണത്തോട് ചേർന്നുകൊണ്ട് കൂടുതൽ സൗകര്യപ്രദമായ വിധത്തിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിന് കോഴിക്കോടുള്ള പ്രിമോ പൈപ്പു ഫാക്ടറിയുടെ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗം ഇവിടെ നിർദ്ദേശിച്ചതുപോലെ ഇറിഗേഷൻ വകുപ്പു മായി കൂടിയാലോചിച്ച് ആവശ്യമായ തീരുമാനം അടിയന്തിരമായി കൈക്കൊ ള്ളുന്നതാണ്.

(4) എൻ.ജി.ഒ. അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്ന സമരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളാ എൻ.ജി.ഒ. അസോസി യേഷന്റെ ആഭിമുഖ്യത്തിൽ നവംബർ 28-ാം തീയതി മുതൽ ഇന്നുവരെ നട ക്കുന്ന സമരപ്രചരണ ജാഥയുടെ സമാപനമാണിന്ന്. പെൻഷൻപ്രായം വർദ്ധി പ്പിക്കുക, കുടിശ്ശികയായ മൂന്നു ഗഡു ക്ഷാമബത്ത അനുവദിക്കുക, ജീവനക്കാ രുടെ പുനർവിന്യാസം സംഘടനകളുമായി ചർച്ചചെയ്തു നടപ്പിലാക്കുക തുട ങ്ങിയ ആവശ്യങ്ങളാണ് ഉന്നയിക്കുന്നത്. കുടിശ്ശികയായ മൂന്നു ഗഡു ക്ഷാമ ബത്ത ഉടൻ അനുവദിക്കാനും മറ്റു കാര്യങ്ങളെ സംബന്ധിച്ച് അവരുമായി ചർച്ച നടത്താനും തയ്യാറാകണമെന്ന് ബഹു. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കു ന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രശ്നങ്ങളോട് അനുഭാവപൂർണ്ണ മായ സമീപനം കൈക്കൊള്ളുന്ന ഒരു സർക്കാരാണ് ഇന്നുള്ളത്. ഇടതുപക്ഷ ജനാധിപത്യ സർക്കാർ അധികാരമേറ്റതിനുശേഷം ജീവനക്കാരുടെയും അദ്ധ്യാപകരുടേയും സാമ്പത്തിക, സാമ്പത്തികേതര പ്രശ്നങ്ങളിലെല്ലാം അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാർ പുനഃസ്ഥാപിച്ച ഡയസ്നോൺ റദ്ദാക്കി. സംസ്ഥാനജീവനക്കാർ സർവീസിലി രിക്കെ മരണമടഞ്ഞാൽ അവരുടെ പേരിൽ രണ്ടു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി. ജോലിക്കി ടയിൽ ആക്രമണ സംഭവങ്ങളിലോ അല്ലാതെയോ മരണം സംഭവിച്ചാൽ ജീവ നക്കാരന്റെ ആശ്രിതർക്ക് ഒന്നര ലക്ഷം രൂപ വരെയും ജോലിയ്ക്കിടയിൽ അപകടങ്ങളിൽപ്പെട്ട് അംഗഭംഗം സംഭവിച്ചാൽ അൻപതിനായിരം രൂപ വരെയും എക്സ്ഗ്രേഷ്യാ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. ചികിൽസയ്ക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി ഉദാരമാക്കി. സഹകാര്യ ആശുപത്രിയുടെ ചികിൽസയ്ക്കും റീ-ഇംബേഴ്സ്മെന്റ് ഏർപ്പെടു ത്തി. ഭവനനിർമ്മാണ വായ്പ ഒന്നേകാൽ ലക്ഷത്തിൽ നിന്നും മൂന്നേമുക്കാൽ ലക്ഷമായി വർദ്ധിപ്പിച്ചു. അഡീഷണൽ ലോൺ 30,000 രൂപയിൽ നിന്നും ഒന്നേ കാൽ ലക്ഷമായും എക്സ്റ്റൻഷൻ/മെയിന്റനൻസ് വായ്പ ഒരു ലക്ഷമായും വർദ്ധിപ്പിച്ചു. മോട്ടോർ കാർ വാങ്ങുന്നതിനുള്ള വായ്പ 80,000 രൂപയിൽ നിന്നും 1,80,000 രൂപയായി വർദ്ധിപ്പിച്ചു. സ്കൂട്ടർ വാങ്ങുന്നതിനുള്ള വായ്പ 20,000 രൂപയായും മോട്ടോർ സൈക്കിൾ വാങ്ങുന്നതിനുള്ള വായ്പ 30,000 രൂപയായും വർദ്ധിപ്പിച്ചു. പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷനും/ഫാമിലി പെൻഷനും ഇൻവാലിഡ് പെൻഷനും അനുവദിച്ചു. പാർട്ട് ടൈം ജീവന ക്കാർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി ആവിഷ്ക്കരിച്ചു. ക്ളാസ് IV ജീവന ക്കാർക്ക് മൂപ്പത് വർഷത്തെ സർവീസിന് നാലാമതൊരു ഗ്രേഡ് അനുവദിച്ചു നൽകി. ക്ളാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 25,000 രൂപ വരെ വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാ ക്കി. പെൻഷൻ ലഭിക്കുന്നതിന് മിനിമം സർവീസ് വേണമെന്ന നിബന്ധന ഒഴി വാക്കി. മുഴുവൻ സ്ഥിരം ജീവനക്കാർക്കും പെൻഷൻ നൽകാൻ തീരുമാനിച്ചു. ഫാമിലി പെൻഷൻ ആനുകൂല്യം ജീവനക്കാരുടെ അവിവാഹിതകളായ പെൺമക്കൾക്ക് ആജീവനാന്തം അനുവദിച്ചു. ഇതിനെല്ലാമുപരി 1200 കോടിയി

LIBRARY ARCHIVES Kerala Legislative Assembly